Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2023/1515 (2)

തീയതി : 28.01.2023

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകളിൽ ഐ.ടി. ലാബ് സജ്ജമാക്കുന്നതിന് പുതുതായി ലാപ്ടോപ് കമ്പ്യൂട്ടർ ലഭ്യമാക്കുന്നതും ലാബുകളുടെ ഫലപ്രദമായ ഉപയോഗം ഹൈസ്കൂൾ-ഹയർസെക്കന്ററി വിഭാഗങ്ങളുടെ ഏകോപനത്തിലൂടെ ഉറപ്പുവരുത്തുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ.(സാധാ) നം. 165/2018 പൊ.വി.വ. തീയതി 10.01.2018.
2. സ.ഉ.(സാധാ) നം. 2177/2019 പൊ.വി.വ. തീയതി 06.06.2019.
3. സ.ഉ.(സാധാ) നം. 4843/2021 പൊ.വി.വ. തീയതി 28.10.2021.
4. G.O. (Rt) No. 7342/2022/G.Edn. Dated 26.11.2022.
5. ഈ ഓഫീസിലെ 06.01.2023 ലെ കൈറ്റ്/2023/1707 (1) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും, ടി വിഭാഗം സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബുകളിലേയ്ക്ക് ലാപ്ടോപ്പുകൾ ലഭ്യമാക്കുകയും ചെയ്തിരുന്നു. സ്കൂൾ കമ്പ്യൂട്ടർ ലാബുകളിൽ ആവശ്യത്തിന് കമ്പ്യൂട്ടറുകളില്ലെന്നും അവ നൽകുന്നതിന് നടപടി ഉണ്ടാകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ധാരാളം അപേക്ഷകൾ സർക്കാർ തലത്തിലൂടെയും നേരിട്ടും കൈറ്റിന് ലഭിക്കുന്നുണ്ട്. വിദ്യാകിരണം പദ്ധതിയ്ക്ക് കീഴിൽ ലഭ്യമായിട്ടുള്ള സെലിറോൺ ലാപ്ടോപ്പുകൾ (മൂന്നു വർഷ വാറണ്ടിയുള്ളത്) വിതരണം ചെയ്യുന്നതുമായും പ്രൈമറി-ഹൈസ്കൂൾ-ഹയർസെക്കന്ററി വിഭാഗങ്ങൾ ഉൾപ്പെടെ പൊതുവായി പ്രയോജന പ്പെടുത്തുന്നത് സംബന്ധിച്ചും സൂചന 5 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയിലുൾപ്പെടുത്തി സ്കൂൾ കമ്പ്യൂട്ടർ ലാബിലേയ്ക്ക് നിശ്ചിത എണ്ണം ലാപ്ടോപ്പുകൾ നൽകുന്നതിന് സൂചന 4 പ്രകാരം ഉത്തരവ് ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ എണ്ണം, കമ്പ്യൂട്ടർ ലാബിൽ നിലവിലുള്ള ലാപ്ടോപ്പ്/ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുടെ എണ്ണം, കമ്പ്യൂട്ടർ ലാബിലെ സ്ഥലലഭ്യത, സ്കൂളുകളിലെ ഐ.ടി. പ്രവർത്തന ങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം ലാപ്ടോപ്പുകൾ ജില്ലകളിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ച് അനുവദിക്കുന്നതാണ്. സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ കമ്പ്യൂട്ടറുകളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി ഹൈസ്കൂൾ ഐ.ടി. ലാബുകളിലേയ്ക്ക് ലാപ്ടോപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഹൈസ്കൂൾ ക്ലാസുകളിൽ ഐ.സി.ടി. ഒരു നിർബന്ധിത വിഷയമായതിനാലും ഫെബ്രുവരി മാസം ഐ.ടി. പ്രായോഗിക പരീക്ഷകൾ മുഴുവൻ കുട്ടികൾക്കും നടത്തേണ്ടതിനാലും ഹൈസ്കൂൾ ലാബുകൾക്ക് മുൻഗണ നൽകുന്നുണ്ടെങ്കിലും ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ പൊതുവായി ഉപയോഗിക്കുന്നതിനാണ് ലാപ്ടോപ്പുകൾ അനുവദിക്കുന്നത്.

2. ഹയർ സെക്കന്ററി വിഭാഗത്തിൽ ചില സ്കൂളുകളിൽ മാത്സ് ലാബ്, എക്സ്പൈസ് തുടങ്ങിയ സംവിധാനങ്ങൾക്കും കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ് തുടങ്ങിയ വിഷയ ങ്ങൾക്കും ആഴ്ചയിൽ ഏതാനും പീരിയഡുകൾ ഐ.ടി ലാബ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ലഭ്യമായ ഉപകരണങ്ങൾ പരസ്പരം പങ്കുവെച്ച് ഉപയോഗിക്കാനും സ്കൂൾതലത്തിൽ സംവിധാനം ഒരുക്കേണ്ടതാണ്.

3. സ്കൂൾതലത്തിലെ (ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി) പൊതുവായ ഉപയോഗവുമായി ബന്ധപ്പെട്ട് അതത് സ്കൂളുകൾ പരസ്പരം ചർച്ച ചെയ്ത് സ്വീകരിച്ച നടപടികൾ മാർച്ച് ആദ്യവാരം പ്രഥമാധ്യാപകർ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. സൂചന 1, 2 പ്രകാരം ഐ.സി.ടി. ഉപകരണങ്ങൾ വിന്യസിക്കുന്നതിന് മുന്നോടിയായി പൊതുവിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൈറ്റും സ്കൂളുകളും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. ഇതനുസരിച്ച് ഉപയോഗം ഫലപ്രദമാക്കുന്നതിന് ഉപകരണങ്ങളുടെ പുനഃക്രമീകരണത്തിനുൾപ്പെടെ സംവിധാനം ഒരുക്കുന്നതാണ്.

5. സ്കൂളുകളിലെ ലാപ്ടോപ്പുകളും ലാബുകളും വിവിധ വിഭാഗങ്ങൾ പരസ്പരം ഏകോപനത്തിലൂടെ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് ഐ.ടി. ഓഡിറ്റിന്റെ ഭാഗമായി പ്രത്യേകം പരിശോധിക്കുന്നതാണ്.

6. പുതിയ ഹൈടെക് ലാപ്ടോപ്പുകളുടെ വിതരണം, വാറണ്ടി വ്യവസ്ഥകൾ (അഞ്ചുവർഷം), പരാതി പരിഹാര സംവിധാനം തുടങ്ങിയവ നിലവിൽ അവലംബിക്കുന്ന രൂപത്തിൽത്തന്നെ ആയിരിക്കും. ഇവയുടെ ഇൻഷുറൻസ് പരിരക്ഷയുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

7. സ്കൂളുകളിൽ ഡിജിറ്റൽ ഉപകരണങ്ങളുടെ പൊതുവായ ഓൺലൈൻ സ്റ്റോക്ക് രജിസ്റ്റർ അടുത്ത അധ്യയന വർഷത്തിൽ സജ്ജമാക്കുന്നതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ് - ആമുഖ കത്ത് സഹിതം
പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ ആർ.ഡി.ഡി./എ.ഡി.മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ